(സി) ഈ പദ്ധതികൾക്ക് ഓരോന്നിനും എന്ത് തുകവീതം ചെലവഴിച്ചുവെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇതുസംബന്ധമായ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) – (ഡി) വിവരം ശേഖരിച്ചുവരുന്നു.

കൊല്ലം, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കിയ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി

54 [1884] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊല്ലം, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ എത്ര പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ;

(ബി) നടപ്പിലാക്കിയ പദ്ധതികളുടെ എസ്റ്റിമേറ്റും ചെലവും പദ്ധതി തിരിച്ച് എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കേന്ദ്രസഹായത്തോടെ നടപ്പിലാക്കിയ സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതിയിലും അതിനെത്തുടർന്ന് ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്ന സുജലധാരാ-2 പദ്ധതിയിലുമായി 279 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും 58 സ്കൂൾ കുടിവെള്ള പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ കേന്ദ്രസഹായത്തോടെ നടപ്പിലാക്കിയ സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതിയിൻകീഴിൽ 110 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും 22 സ്കൂൾ കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ പൂർത്തിയാക്കിയ 279 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിൽ 205 പദ്ധതികളുടെയും 58 സ്കൂൾ കുടിവെള്ള പദ്ധതികളിൽ 39 പദ്ധതികളുടെയും ഓഡിറ്റ് പൂർത്തിയാക്കി കണക്ക് തീർപ്പാക്കിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 1, 2 ആയി കൊടുത്തിരിക്കുന്നു.† കൊല്ലം ജില്ലയിൽ പൂർത്തിയാക്കിയ 110 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെയും 22 സ്കൂൾ കുടിവെള്ള പദ്ധതികളുടെയും വിശദമായ എസ്റ്റിമേറ്റും ചെലവും അനുബന്ധം 3, 4 ആയി കൊടുത്തിരിക്കുന്നു.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/566/2012—13

LIBRARY ARCHIVES Kerala Legislative Assembly